# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നം. ∗ 382 | 26.06.2013–ലെ മറുപടിക്ക്

## സ്വകാര്യ മെഡിക്കൽ കോളേജ് പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് :<br>ശ്രീ. എ. കെ. ബാലൻ :<br>ശ്രീ. ജയിംസ് മാത്യു :<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾ മെഡിക്കൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) മെഡിക്കൽ പ്രവേശനം സംബന്ധിച്ച് സർക്കാർ ഓരോ അദ്ധ്യയന വർഷവും സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജ് മാനേജ്മെന്റുകളുമായും അവരുടെ അസോസിയേഷനുകളുമായും ചർച്ചകൾ നടത്തുകയും പ്രസ്തുത സ്ഥാപനങ്ങളിലെ 50 ശതമാനം സീറ്റിൽ സർക്കാർ മെരിറ്റിൽ നിന്നും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനും സർക്കാർ നിശ്ചയിക്കുന്ന ഫീസ് നിരക്കുകളിൽ പഠനം നടത്താനും വിദ്യാർത്ഥികളെ സഹായിക്കുന്ന തരത്തിൽ കരാറുകൾ ഒപ്പുവയ്ക്കാറുണ്ട്. മെഡിക്കൽ കോളേജ് മാനേജ്മെന്റുകൾ മെഡിക്കൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്നു എന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) അഖിലേന്ത്യാ പ്രവേശന പരീക്ഷ (നീറ്റ്) യിൽ കേരളത്തിൽ നിന്നും പങ്കെടുത്ത വിദ്യാർത്ഥികൾ എത്രയാണെന്ന് അറിയാമോ ; | (ബി) അഖിലേന്ത്യാ തലത്തിൽ എം.ബി.ബി.എസ് പ്രവേശനത്തിനായുള്ള ഏകീകൃത പൊതുപ്രവേശന പരീക്ഷ (നീറ്റ് യു.ജി.-2013) നടത്തിയത് സി.ബി.എസ്.സി.യാണ്. സെൻട്രൽ പരീക്ഷാ ബോർഡിൽ നിന്നും ലഭ്യമായിട്ടുള്ള ലിസ്റ്റ് അനുസരിച്ച് കേരളത്തിൽ നിന്നും 78891 പേർ പരീക്ഷ എഴുതുകയും അതിൽ 56027 പേർ യോഗ്യത നേടുകയും ചെയ്തിട്ടുണ്ട്. |

(P.T.O.)

| | |
|---|---|
| (സി) മാനേജ്മെന്റുകൾ നടത്തിയ പരീക്ഷ റദ്ദാക്കിയ സാഹചര്യത്തിൽ മാനേജ്മെന്റ് സീറ്റുകളിലേക്ക് നീറ്റ് ദേശീയാടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിലെ സംസ്ഥാനത്തു നിന്നുള്ള വിദ്യാർത്ഥികളിൽ നിന്നും പ്രവേശനം നടത്തുന്നതിന് നിർദ്ദേശം നൽകാൻ തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ് ; | (സി) കേരള പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷനുമായി ഈ വർഷത്തെ എം.ബി.ബി.എസ്. പ്രവേശനവുമായി ബന്ധപ്പെട്ട് സർക്കാർ ഒപ്പുവച്ച കരാർ പ്രകാരം അസോസിയേഷന്റെ കീഴിലുള്ള കോളേജുകളിലെ 35% മാനേജ്മെന്റ് സീറ്റുകളിലേക്ക് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ മേൽനോട്ടത്തിൽ അസോസിയേഷൻ നടത്തുന്ന പ്രവേശന പരീക്ഷയിൽ നിന്ന്. വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാമെന്ന് വ്യവസ്ഥയുണ്ടായിരുന്നു. ഇപ്രകാരം 31.05.13-ന് നടത്തിയ പരീക്ഷയിൽ ചില ക്രമക്കേടുകൾ കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി പരീക്ഷ റദ്ദാക്കി പുനഃപരീക്ഷ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) പരീക്ഷ റദ്ദാക്കിയ മേൽനോട്ട സമിതിക്കെതിരെ ഉണ്ടായ കേസിൽ സർക്കാർ ഭാഗത്തുനിന്ന് മാനേജ്മെന്റുകൾക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരം നിലപാട് സ്വീകരിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാമോ ? | (ഡി) ഈ വിഷയം സംബന്ധിച്ച് ബഹു: ഹൈക്കോടതിയിൽ നിലവിലുള്ള കേസിൽ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ തീരുമാനത്തിന് പിന്തുണ നൽകുന്ന നിലപാട് സ്വീകരിച്ചുകൊണ്ട് സർക്കാർ ബഹു: ഹൈക്കോടതി മുമ്പാകെ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ മാനേജ്മെന്റുകൾക്കനുകൂലമായി സർക്കാർ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ